"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-കുറത്തികാട് PS-ലെ CPO A 7147 ശ്രീ.ശ്യാം വി.കെ. മെഡിക്കൽ അവധിയിലായിരുന്ന കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(പി) വകുപ്പ്**

സ.ഉ.(സാധാ) നം.1922/2026/HOME തീയതി,തിരുവനന്തപുരം, 03-06-2026

---

പരാമർശം:- 1. 24/08/2017-ലെ സ.ഉ(പി) നം.112/2017/ധനം

2. സംസ്ഥാന പോലീസ് മേധാവിയുടെ 12/03/2026-ലെ ഇ5-36018/2026/PHQ നം.കത്ത്

**<u>ഉത്തരവ്</u>**

കുറത്തികാട് PS-ലെ CPO A 7147 ശ്രീ.ശ്യാം വി.കെ,താൻ 21/04/2024-ന് തൃശ്ശൂർ പൂരം ഡ്യൂട്ടി കഴിഞ്ഞ് സ്റ്റേഷനിലേക്ക് വരുന്ന വഴി പട്ടി കുറുകെ ചാടിയതിൽ ഓടിച്ചുവന്ന വാഹനം നിയന്ത്രണം തെറ്റി പോസ്റ്റിലിടിച്ച് ഗുരുതരമായി പരിക്കുപറ്റി ചികിത്സയിലായിരുന്ന 23/04/2024 മുതൽ 21/06/2024 വരെയുള്ള കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിക്കണമെന്നഭ്യർത്ഥിച്ചിരുന്നു.ആയത് സംസ്ഥാന പോലീസ് മേധാവി പരാമർശം(2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ശ്യാം വി.കെ-ക്ക് സംഭവിച്ച പരിക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഉണ്ടായതാണെന്ന് ജില്ലാ പോലീസ് മേധാവി,ആലപ്പുഴ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.കൂടാതെ ടിയാൻ പ്രസ്തുത അവധിക്ക് ശേഷം 22/06/2024-ൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ലീവ് റോൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നുമുണ്ട്.ടിയാൻ അവധി അപേക്ഷ 22/06/2024-ൽ തന്നെ മേലധികാരിക്ക് സമർപ്പിച്ചിട്ടുമുണ്ട്.ഈ സാഹചര്യത്തിൽ കുറത്തികാട് PS-ലെ CPO A 7147 ശ്രീ.ശ്യാം വി.കെ.-ക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി സംഭവിച്ച അപകടത്തെ തുടർന്ന് ടിയാൻ മെഡിക്കൽ അവധിയിലായിരുന്ന 23/04/2024 മുതൽ 21/06/2024 വരെയുള്ള കാലയളവ് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സംഗീത ടി എസ്
ജോയിന്റ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) തിരുവനന്തപുരം
ശ്രീ.ശ്യാം വി.കെ.,CPO A 7147(സംസ്ഥാന പോലീസ് മേധാവി മുഖേന)

വിവരപൊതുജന സമ്പർക്ക(വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sini George
Date: 03-06-2026 16:28:09

സെക്ഷൻ ഓഫീസർ